പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .1334 — 06-02-2020 -ൽ മറുപടിക്ക്

## സാമൂഹിക സന്നദ്ധ സേന

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എ.പി. അനിൽ കുമാർ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രകൃതി ദുരന്തങ്ങളിലും പ്രാദേശിക പ്രതിസന്ധികളിലും സഹായത്തിനായി സാമൂഹിക സന്നദ്ധ സേന എന്ന പേരിൽ ഒരു സേന രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | 01.01.2020-ലെ സ.ഉ.(കൈ)നം.01/2020/ പൊഭവ പ്രകാരം സംസ്ഥാനത്തെ പ്രകൃതി ദുരന്തങ്ങളിൽ സഹായമെത്തിക്കുന്നതിനും ഏതൊരു പ്രാദേശിക പ്രതിസന്ധിയിലും സഹായത്തിനുണ്ടാകുന്ന തരത്തിൽ ഒരു സാമൂഹിക സന്നദ്ധ സേന രൂപീകരിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്. കേരളത്തിൽ ശരാശരി 100 വ്യക്തികൾക്ക് ഒരു സന്നദ്ധ പ്രവർത്തകൻ എന്ന നിലയിൽ 3.4 ലക്ഷം പേരുള്ള സാമൂഹിക സന്നദ്ധ സേനയാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. |
| ബി) | എങ്കിൽ ഇതിനകം എത്രപേർ പ്രസ്തുത സേനയിൽ അംഗങ്ങളായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവർക്ക് ഏതൊക്കെ മേഖലകളിലാണ് പരിശീലനം നൽകുന്നതെന്നും വിശദമാക്കാമോ; | ബി) | സേനയെ രൂപീകരിക്കുന്ന പ്രവർത്തനം നടന്നു വരുന്നു. 27-1-2020-ലാണ് ഈ സേനയുടെ ഭാഗമായി പേര് രജിസ്റ്റർ ചെയ്യാൻ ഉള്ള വെബ്സൈറ്റ് തയ്യാറായത്. ഈ സാമൂഹിക സന്നദ്ധ സേനയിൽ https://sannadham.kerala.gov. എന്ന വെബ്സൈറ്റ് വഴി പേര് രജിസ്റ്റർ ചെയ്യാം. 1-2-2020 വരെ 251 വ്യക്തികൾ ഈ സേനയിൽ അംഗങ്ങൾ ആകുവാൻ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| സി) | പ്രസ്തുത സേനയുടെ ഭാഗമായി ഡയറക്ടറേറ്റ് സ്റ്റിയറിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) | സാമൂഹിക സന്നദ്ധ സേനയുടെ ഡയറക്ടറായി ശ്രീ. അമിത്ത് മീണ ഐ.എ.എസ്. നെ നിയമിച്ചു. മറ്റ് വിഷയങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ